"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

**സംഗ്രഹം**

ആരോഗ്യ കുടുംബക്ഷേമ വകുപ്പ് - ജീവനക്കാര്യം - ശ്രീമതി. വീണ എസ്. പ്രസാദ്, ഓഫീസ് അറ്റൻഡന്റ്, സാമൂഹികാരോഗ്യ കേന്ദ്രം, പാലത്തറ, കൊല്ലം - പഠനാവശ്യത്തിനായി ശൂന്യവേതനാവധി അനുവദിച്ച് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ആരോഗ്യ കുടുംബക്ഷേമ (എഫ്) വകുപ്പ്**

സ.ഉ.(സാധാ) നം.1654/2026/H&FWD തീയതി, തിരുവനന്തപുരം, 12-05-2026

---

പരാമർശം:-

1. ശ്രീമതി. വീണ എസ്. പ്രസാദ് സമർപ്പിച്ച 18.12.2024 തീയതിയിലെ അവധി അപേക്ഷ.
2. ആരോഗ്യ വകുപ്പ് ഡയറക്ടറുടെ 22.12.2025, 25.04.2026 തീയതികളിലെ ഇ.എഫ്.1-21874/2024/ആ.വ.ഡ നമ്പർ കത്തുകൾ.

**ഉത്തരവ്**

കൊല്ലം പാലത്തറ സാമൂഹ്യാരോഗ്യ കേന്ദ്രത്തിലെ ഓഫീസ് അറ്റൻഡന്റ്, ശ്രീമതി. വീണ എസ്. പ്രസാദ്-ന് സി.ഡിറ്റ് നടത്തുന്ന ഫുൾടൈം പി.ജി.ഡി.സി.എ കോഴ്സ് പഠിക്കുന്നതിന് 25.02.2025 മുതൽ 24.02.2026 വരെ ശൂന്യവേതനാവധി അനുവദിക്കണമെന്ന പരാമർശം (1) അപേക്ഷ പരാമർശം (2) കത്ത് പ്രകാരം ആരോഗ്യ വകുപ്പ് ഡയറക്ടർ ശിപാർശ ചെയ്തിരുന്നു. പി.ജി.ഡി.സി.എ കോഴ്സിന് ചേർന്ന് പഠിക്കുന്നതിനായി അപേക്ഷകയെ 24.02.2025 അപരാഹ്നത്തിൽ പാലത്തറ സാമൂഹികാരോഗ്യ കേന്ദ്രത്തിൽ നിന്നും വിടുതൽ ചെയ്തിരുന്നു.

2) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. കൊല്ലം പാലത്തറ സാമൂഹ്യാരോഗ്യ കേന്ദ്രത്തിലെ ഓഫീസ് അറ്റൻഡന്റ്, ശ്രീമതി. വീണ എസ്. പ്രസാദ്-ന് 25.02.2025 മുതൽ 24.02.2026 വരെ, ടി കാലയളവ് ഇൻക്രിമെന്റ്, ഹയർഗ്രേഡ്, പെൻഷൻ, ആർജ്ജിതാവധി എന്നീ സേവനാനുകൂല്യങ്ങൾക്ക് പരിഗണിക്കുകയില്ലായെന്ന വ്യവസ്ഥയിൽ, കെ.എസ്.ആർ., ഭാഗം-I, ചട്ടം 88 പ്രകാരം പഠനാവശ്യത്തിനായി ശൂന്യവേതനാവധി അനുവദിച്ച് ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ബിജി സി എൻ
അണ്ടർ സെക്രട്ടറി

ആരോഗ്യ വകുപ്പ് ഡയറക്ടർ, തിരുവനന്തപുരം.
ജില്ലാ മെഡിക്കൽ ഓഫീസർ, കൊല്ലം.
ശ്രീമതി. വീണ എസ്. പ്രസാദ്, ഓഫീസ് അറ്റൻഡന്റ്, സാമൂഹികാരോഗ്യ കേന്ദ്രം, പാലത്തറ, കൊല്ലം (ആരോഗ്യ വകുപ്പ് ഡയറക്ടർ മുഖേന).
മെഡിക്കൽ ഓഫീസർ, സാമൂഹികാരോഗ്യ കേന്ദ്രം, പാലത്തറ, കൊല്ലം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ/ആഡിറ്റ്), കേരള, തിരുവനന്തപുരം.
ധനകാര്യ (ഹെൽത്ത്-ബി) വകുപ്പ് (25.03.2026 തീയതിയിലെ E 3441162/ HLT-B3/297/2026-FIN നമ്പർ അഭിപ്രായക്കുറിപ്പ് പ്രകാരം).
വിവര പൊതുജന സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്.

കരുതൽ ശേഖരം/ ഓഫീസ് കോപ്പി (F2/16/2026-HEALTH ഫയലിലേയ്ക്ക്).

ഉത്തരവിൻ പ്രകാരം

Signed by
Vilasini K V
Date: 12-05-2026 16:17:33

സെക്ഷൻ ഓഫീസർ